വർഷം	അനുവദിച്ച തുക
2013	4,10,000
2014	4,40,000
2015	4,50,000

2015 കാലയളവിലെ അഡ്വാൻസ് തുക സെറ്റിൽ ചെയ്തിട്ടില്ല. 2013, 2014 വർഷങ്ങളിൽ തുക ചെലവഴിച്ചതിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി &ഇ) ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എ.ജി.-ക്ക് വസ്തുതകൾ വ്യക്തമാക്കി മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ എ.ജി.-യുടെടി പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്നുള്ള കാര്യം അറിയിച്ചുകൊള്ളുന്നു.

ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസന പദ്ധതികൾ

314(1015) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഓരോ പദ്ധതിയിലും ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ ;

(സി) കൊയിലാണ്ടി കാപ്പാട് ബീച്ചിൽ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) വിശദാംശം യഥാക്രമം അനുബന്ധം 'എ','ബി','സി' എന്നിങ്ങനെ ഉൾപ്പെടുത്തിയിരിക്കുന്നു.

ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ്

315(1016) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എന്നുമുതൽ നിലവിൽ വന്നു;

(ബി) ബോർഡിന്റെ ശ്രമങ്ങളെ തുടർന്ന് വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ നിക്ഷേപങ്ങൾ എത്ര; ഏതെല്ലാം നിലയിലാണ് ബോർഡ് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്;

(സി) ബോർഡിലെ അംഗങ്ങൾ ആരൊക്കെ; അധികാര/അവകാശങ്ങൾ എന്തൊക്കെ;

(ഡി) ബോർഡിന്റെ ഉദ്ദേശ്യങ്ങൾ വിശദമാക്കാമോ; ബോർഡിന്റെ എന്തെല്ലാം ശിപാർശകൾ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുകയുണ്ടായി;

(ഇ) ബോർഡിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ചെലവായ തുക എത്ര; ഏതെല്ലാം ആവശ്യത്തിനായി ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 167/2015/ടൂറിസം തീയതി, 11-6-2015 പ്രകാരം ടൂറിസം ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ബോർഡിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി&ഡി) ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി (I, II) ചേർക്കുന്നു.*

(ഇ) ചെലവഴിച്ചിട്ടില്ല.

മാമ്പുഴ ടൂറിസം

316(T 1017) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ:

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാർക്കിട്ട ചോദ്യത്തിനുള്ള മറുപടി

LIBRARY ARCHIVES Kerala Legislative Assembly